# Mathrubhumi

## 22 August 2018

## Alappuzha, After Flood, Flood Victims, Survival

# പ്രളയത്തെക്കാൾ ഭീകരം അതിജീവനം

രാജേഷ് രവീന്ദ്രൻ
ആലപ്പുഴ

► "ഞങ്ങടെ ഷീറ്റിട്ട കൊച്ചുവീട് തകർത്താണ് പ്രളയജലമൊഴുകിയത്. തിരിച്ചുചെല്ലുമ്പോഴും എന്തെങ്കിലും ബാക്കിയുണ്ടാകുമോ എന്നറിയില്ല. വെള്ളമിറങ്ങുമ്പോഴും ഈ ആശുപത്രിയിൽ നിന്ന് പറഞ്ഞുവിട്ടാൽ അർബുദരോഗിയായ മകളെയും കൊണ്ട് ഞങ്ങളും ഇനി എങ്ങോട്ട് പോകും" -കുട്ടനാട് കണ്ണാടി പണ്ടകപ്പള്ളി കുഞ്ഞമ്മ ജോസഫിൻെറ ചോദ്യം ഓരോ കുട്ടനാട്ടുകാരുടെയും ചോദ്യമാണ്.

പണ്ടകപ്പള്ളിയിലെ ഒരു തുരുത്തിലായിരുന്നു കുഞ്ഞമ്മയുടെ വീട്. അരയ്ക്കൊപ്പം വെള്ളമായപ്പോഴും തളർന്ന് കിടപ്പിലായ അർബുദരോഗിയായ മകഴം റാണിയെ കസേരയിലെടുത്ത് വള്ളത്തിൽ കയറ്റി കുഞ്ഞമ്മയും മകൻ ആൻറണിയും രക്ഷപ്പെട്ടു. ആശുപത്രിയിലായതിനാൽ മരുന്നും ഭക്ഷണവുമൊക്കെ കൃത്യമായി കിട്ടുന്നുണ്ട്. ആശുപത്രി വിട്ടാൽ എന്താകും സ്ഥിതി, പട്ടിണിയാകുമോ, മരുന്ന് മുടങ്ങുമോ, അങ്ങനെ ഒട്ടേറെ ചോദ്യങ്ങളാണ് ഇവർക്കുമുന്നിൽ.

കുട്ടനാടിനോട് ചേർന്നുള്ള ചുങ്കം തിരുമലയിൽ തുളസി(62)യുടെയും കുടുംബത്തിൻെറയും ആകുലതയും വീടിനെക്കുറിച്ചാണ്. വെള്ളം കയറിയപ്പോഴുംതന്നെ വീടിന് വിള്ളലുണ്ടായിരുന്നു. തിരിച്ചുചെല്ലുമ്പോഴും വീടില്ലെങ്കിൽ പെരുവഴിയാകും. കിടപ്പിലായ സഹോദരൻ കാർത്തികേയനെയും രോഗബാധിതയായ സഹോദരി സുധർമയെയും കൊണ്ട് എന്തുചെയ്യുമെന്നാണ് തുളസിയുടെ ആധി മുഴുവൻ.

വീട്ടിലേക്ക് പ്രളയജലമൊഴുകിയെത്തിയപ്പോഴും രോഗിയായ അമ്മ ശ്രീമതിയെ ചുമലിലേറ്റി വീട് വിട്ടതാണ് കൈനകരി ആറ്റുവാത്തല രാമങ്കേരിത്തറയിൽ പ്രസന്നകുമാർ. സ്വന്തമല്ലാത്ത ഒരു തുണ്ട് ഭൂമിയിലെ കൊച്ചുകൂരയിലായിരുന്നു താമസം. വെള്ളത്തിൽ ആ കൂര തകർന്നു. ഇവർക്ക് റേഷൻ കാർഡ് പോലുമില്ല. അതുകൊണ്ടുതന്നെ സർക്കാർ സഹായം പോലും അന്യമാകുമോയെന്നാണ് പേടി.

ആലപ്പുഴ ജനറൽ ആശുപത്രിയിൽ കുട്ടനാട്ടിൽനിന്ന് മാത്രം രക്ഷപ്പെടുത്തിയ ഒട്ടേറെ കിടപ്പുരോഗികളുണ്ട്. വെള്ളം ഇറങ്ങിയാലും ഇവർക്ക് വീടുകളിലേക്ക് പോകാനാവില്ല. അവിടെ ഇനി ഒന്നുമില്ല. എല്ലാം നഷ്ടമായ അവിടെ ജീവിതം വീണ്ടും തുടങ്ങാൻ ഓരോ കുടുംബവും ലക്ഷക്കണക്കിന് രൂപ ചെലവാക്കേണ്ടിവരും.



വീട്ടിൽ വെള്ളം കയറിയതിനെ തുടർന്ന് ആലപ്പുഴ ജനറൽ ആശുപത്രിയിൽ പ്രവേശിപ്പിച്ച കിടപ്പുരോഗിയായ കാർത്തികേയന് മരുന്നു നൽകുന്ന സഹോദരി തുളസി |ഫോട്ടോ: വി.പി. ഉല്ലാസ്